**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം**
(ഹാജർ: എ.സന്തോഷ്)

വിഷയം : കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് - കോവിഡ്-19 നിയന്ത്രണ ത്തോടെ ഉപതിരഞ്ഞെടുപ്പ് നടത്തുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന : കമ്മീഷന്റെ 15.07.2021 ലെ ബി1/45034/2021/സം.തി.ക നമ്പർ ഉത്തരവ്

നമ്പർ.ബി1/54571/2022/സം.തി.ക തീയതി: 20-04-2022

## ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് കോവിഡ്-19 നിയന്ത്രണ ത്തോടെ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സൂചന പ്രകാരം കമ്മീഷൻ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം കുറയുകയും സർക്കാർ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ സൂചന ഉത്തരവ് ഭേദഗതി വരുത്തി അനുബന്ധമായി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എ. സന്തോഷ്
സെക്രട്ടറി

പകർപ്പ്:-

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും &
ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും ഉപവരണാധികാരികൾക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും
പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം.തി.ക.
സ്റ്റാന്റിംഗ് കൗൺസൽ, സം.തി.ക., എറണാകുളം
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

// ഉത്തരവിൻ പ്രകാരം //

സെക്ഷൻ ഓഫീസർ

## അനുബന്ധം

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉപതിരഞ്ഞെടുപ്പ് – കോവിഡ്-19 നിയന്ത്രണങ്ങളോടെ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികളും രാഷ്ട്രീയ കക്ഷികളും ഉദ്യോഗസ്ഥരും മറ്റും പാലിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പരിശീലനവും യോഗവും

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉപതിരഞ്ഞെടുപ്പ് നടത്തിപ്പിന് വരണാധികാരികൾ, ഉപവരണാധികാരികൾ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റുമാർ എന്നിവർക്ക് കോവിഡ് പ്രോട്ടോകോൾ പാലിച്ച് കമ്മീഷൻ പരിശീലനം നൽകും.
- ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെയും വരണാധികാരികളുടെയും ഉപവരണാധികാരികളുടെയും യോഗം നടത്തേണ്ടതാണ്.

## നോമിനേഷൻ സ്വീകരിക്കൽ

- നോമിനേഷൻ ഫാറവും, 2A ഫാറവും കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാക്കും. നോമിനേഷൻ ഫാറവും 2A ഫാറവും നിശ്ചിത സമയത്തും സ്ഥലത്തും വച്ച് വരണാധികാരികൾ സ്വീകരിക്കണം.
- നോമിനേഷൻ സ്വീകരിക്കുന്നതിന് സൗകര്യപ്രദമായതും വായുസഞ്ചാരമുള്ളതുമായ ഹാൾ വരണാധികാരി ഒരുക്കേണ്ടതും ഒരു സമയം ഒരു സ്ഥാനാർത്ഥിയുടെ ആളുകൾക്ക് മാത്രം ഹാളിൽ പ്രവേശനം അനുവദിക്കേണ്ടതുമാണ്.
- നോമിനേഷൻ സമർപ്പിക്കുന്നവർ ഹാളിൽ പ്രവേശിക്കുന്നതിന് മുമ്പ് കൈ സോപ്പ് ഉപയോഗിച്ചോ സാനിറ്റൈസർ ഉപയോഗിച്ചോ അണുവിമുക്തമാക്കണം.
- നോമിനേഷൻ സമർപ്പിക്കുമ്പോൾ സർക്കാർ നിർദ്ദേശാനുസരണമുള്ള സാമൂഹ്യ അകലം പാലിക്കുകയും മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കുകയും വേണം.
- ആവശ്യമെങ്കിൽ നോമിനേഷൻ സമർപ്പിക്കുന്നതിന് സ്ഥാനാർത്ഥികൾക്ക് മുൻകൂറായി സമയം (time slot) അനുവദിക്കാം.

- ഒരു സമയം ഒന്നിലധികം സ്ഥാനാർത്ഥികൾ പത്രിക സമർപ്പിക്കുന്നതിന് വരുന്ന പക്ഷം മറ്റുള്ളവർക്ക് സാമൂഹ്യ അകലം പാലിച്ച് വിശ്രമിക്കുന്നതിന് മറ്റൊരു ഹാളിൽ സൗകര്യം ഒരുക്കേണ്ടതാണ്.
- വരണാധികാരി/ഉപവരണാധികാരി പത്രിക സ്വീകരിക്കുന്ന വേളയിൽ മാസ്ക് ധരിച്ചിരിക്കണം.
- സ്ഥാനാർത്ഥി കോവിഡ് പോസിറ്റീവ് ആണെങ്കിലോ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം ക്വാറന്റൈനിൽ ആണെങ്കിലോ നാമനിർദ്ദേശ പത്രിക നിർദ്ദേശകൻ മുഖാന്തിരം സമർപ്പിക്കേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ സ്ഥാനാർത്ഥിക്ക് സത്യപ്രതിജ്ഞ ചെയ്ത് ഒപ്പ് രേഖപ്പെടുത്താവുന്നതും പ്രസ്തുത സത്യപ്രതിജ്ഞാരേഖ വരണാധികാരി മുൻപാകെ ഹാജരാക്കേണ്ടതുമാണ്.
- നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള നിയമപരമായ എല്ലാ വ്യവസ്ഥകളും നിർബന്ധമായും പാലിച്ചിരിക്കണം.

## സൂക്ഷ്മപരിശോധന

നോമിനേഷനുകളുടെ സൂക്ഷ്മപരിശോധന മുൻകൂട്ടി അറിയിക്കുന്നതനുസരിച്ച് വരണാധികാരിയുടെ നേതൃത്വത്തിൽ നടത്തണം.

- സൂക്ഷ്മപരിശോധനയ്ക്ക് സൗകര്യപ്രദമായതും വായു സഞ്ചാരമുള്ളതുമായ ഹാൾ വേണം ഉപയോഗിക്കേണ്ടത്.
- സൂക്ഷ്മ പരിശോധന വേളയിൽ ഓരോ വാർഡിലെയും സ്ഥാനാർത്ഥികൾക്കും നിർദ്ദേശകർക്കും, തിരഞ്ഞെടുപ്പ് ഏജന്റുമാർക്കും, സ്ഥാനാർത്ഥി ചുമതലപ്പെടുത്തുന്ന ഓരോ ആളിനും മാത്രം പ്രവേശനം അനുവദിക്കുക.
- സൂക്ഷ്മ പരിശോധന വേളയിൽ വരണാധികാരി, ഉപവരണാധികാരി എന്നിവർ മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം.
- സൂക്ഷ്മപരിശോധനയ്ക്ക് നിയമപരമായ എല്ലാ വ്യവസ്ഥകളും പാലിച്ചിരിക്കണം.

## സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും യോഗം

- വരണാധികാരി തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെ സംബന്ധിച്ചും മാതൃകാ പെരുമാറ്റ ചട്ടം സംബന്ധിച്ചും വിശദീകരിക്കുന്നതിന് സ്ഥാനാർത്ഥികളുടെയും രാഷ്ട്രീയ കക്ഷികളുടെയും യോഗം വിളിച്ച് ചേർക്കണം

- സ്ഥല സൗകര്യവും വായു സഞ്ചാരമുള്ളതുമായ ഹാൾ വേണം ഇതിനായി ഉപയോഗിക്കേണ്ടത്.
- മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം.

## സ്ഥാനാർത്ഥികളുടെ പ്രചാരണ പ്രവർത്തനങ്ങൾ

- കോവിഡ് പ്രോട്ടോകോൾ പാലിച്ച് വേണം സ്ഥാനാർത്ഥികളും മറ്റും ഭവനസന്ദർശനം നടത്തേണ്ടത്.
- പൊതു യോഗങ്ങൾ നടത്തുന്നതിന് പോലീസിന്റെ മുൻകൂർ അനുമതി വാങ്ങണം.
- തിരഞ്ഞെടുപ്പ് പ്രചരണത്തിന് വേണ്ടി വിതരണം ചെയ്യുന്ന നോട്ടീസ്/ലഘുലേഖ എന്നിവ പരിമിതപ്പെടുത്തി പരമാവധി സോഷ്യൽ മീഡിയ പ്രയോജനപ്പെടുത്തണം.
- വോട്ടർമാർ മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണമെന്ന സന്ദേശം കൂടി സ്ഥാനാർത്ഥികളുടെയും മറ്റും തിരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ഏതെങ്കിലും സ്ഥാനാർത്ഥിക്ക് കോവിഡ് പോസിറ്റീവ് ആകുകയോ ആരോഗ്യവകുപ്പ് നിർദ്ദേശിക്കുന്ന ക്വാറന്റൈനിൽ പ്രവേശിക്കുകയോ ചെയ്യുന്ന പക്ഷം ഉടൻ തന്നെ പ്രചാരണ രംഗത്ത് നിന്നും മാറി നിൽക്കുകയും ജനങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കുകയും വേണം. കോവിഡ് നെഗറ്റീവ് ആയതിനു ശേഷം ആരോഗ്യ വകുപ്പിന്റെ നിർദ്ദേശാനുസരണം മാത്രമെ തുടർപ്രവർത്തനം പാടുള്ളൂ.

## കാൻഡിഡേറ്റ് സെറ്റിംഗ്

വരണാധികാരികളുടെ നേതൃത്വത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കാന്റിഡേറ്റ് സെറ്റിംഗ് നടത്തണം.

- സ്ഥലസൗകര്യമുള്ളതും വായുസഞ്ചാരമുള്ളതുമായ ഹാളുകളിൽ വച്ച് വേണം കാൻഡിഡേറ്റ് സെറ്റിംഗ് നടത്തേണ്ടത്.
- ഹാളിൽ സാമൂഹ്യ അകലം പാലിക്കുന്ന തരത്തിൽ വേണം സീറ്റുകൾ ക്രമീകരിക്കേണ്ടത്.
- മാസ്ക്, സാനിറ്റൈസർ എന്നിവ ഹാളിനുള്ളിൽ ഉപയോഗിക്കണം

## പോളിംഗ് സാധനങ്ങളുടെ വിതരണവും തിരികെ സ്വീകരിക്കലും

- പോളിംഗ് സാധനങ്ങളുടെ വിതരണത്തിനും പോളിംഗിന് ശേഷം അവ തിരികെ സ്വീകരിച്ച് വരണാധികാരികൾക്ക് ലഭ്യമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ

സെക്ടറൽ ഓഫീസർമാരായി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തേണ്ടതാണ്.

## പോളിംഗ് സ്റ്റേഷനുകൾ

- ഒരു പോളിംഗ് സ്റ്റേഷനിൽ 4 പോളിംഗ് ഉദ്യോഗസ്ഥരും, 1 അറ്റന്റും 1 പോലീസ് ഉദ്യോഗസ്ഥനും ഉണ്ടാകും. ഒരു സമയത്ത് ഒരു സ്ഥാനാർത്ഥിക്ക് ഒരു ബൂത്ത് ഏജന്റ് മാത്രമേ ബൂത്തിനകത്ത് പാടുള്ളൂ.
- പോളിംഗ് ഉദ്യോഗസ്ഥരുടെയും പോളിംഗ് ഏജന്റുമാരുടെയും ഇരിപ്പിടങ്ങൾ സാമൂഹ്യ അകലം പാലിച്ച് വേണം ക്രമീകരിക്കേണ്ടത്.
- പോളിംഗ് ഉദ്യോഗസ്ഥർ തലേദിവസം മുതൽ പോളിംഗ് സ്റ്റേഷനിൽ സന്നിഹിത രായിരിക്കണം.
- പോളിംഗ് ബൂത്തിനകത്ത് സാനിറ്റൈസർ നിർബന്ധമായും കരുതണം.

## വോട്ടെടുപ്പ്

- പോളിംഗ് ഉദ്യോഗസ്ഥരും പോളിംഗ് ഏജന്റുമാരും മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം.
- വോട്ടർമാർ പോളിംഗ് ബൂത്തിലേക്ക് പ്രവേശിക്കുമ്പോഴും പുറത്തേയ്ക്ക് പോകുമ്പോഴും സാനിറ്റൈസർ ഉപയോഗിക്കണം.
- വോട്ടർമാർ മാസ്ക് ധരിച്ചിരിക്കണം. തിരിച്ചറിയൽ വേളയിൽ മാത്രം ആവശ്യമെങ്കിൽ മാസ്ക് മാറ്റണം.
- ബൂത്തിനകത്ത് ഒരേസമയം 3 വോട്ടർമാർക്ക് സാമൂഹ്യ അകലം പാലിച്ച് പ്രവേശനം.
- വോട്ടെടുപ്പിന് ശേഷം രേഖകൾ പ്രത്യേക പായ്ക്കറ്റുകളിലാക്കി പോളിംഗ് സ്റ്റേഷനിൽ വച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ തിരികെ ഏൽപ്പിക്കണം.

## സ്പെഷ്യൽ പോസ്റ്റൽ ബാലറ്റ്

- വോട്ടെടുപ്പിന്റെ തലേ ദിവസം 3 മണിവരെ കോവിഡ്-19 പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിലുള്ളവർക്കും തപാൽ വോട്ട്. എന്നാൽ വോട്ടെടുപ്പിന്റെ തലേ ദിവസം വൈകുന്നേരം 3 മണിക്ക് ശേഷം പോസിറ്റീവ് ആയവർക്കും ക്വാറന്റൈനിലുള്ളവർക്കും വോട്ടെടുപ്പിന്റെ അവസാന സമയം ആവശ്യമായ സുരക്ഷാ മുൻകരുതലോടെ പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി വോട്ട് രേഖപ്പെടുത്താം.
- തപാൽ ബാലറ്റ് വിതരണം ചെയ്യുന്നവരും തപാൽ വോട്ട് തിരികെ സ്വീകരിക്കുന്നവരും മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം

## വോട്ടെണ്ണൽ

- കൗണ്ടിംഗ് ഓഫീസർമാർ മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം.
- സ്ഥാനാർത്ഥികൾ, കൗണ്ടിംഗ് ഏജന്റുമാർ എന്നിവർ മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കണം.
- സാമൂഹ്യ അകലം പാലിക്കത്തക്ക വിധം വേണം കൗണ്ടിംഗ് ടേബിളുകൾ സജ്ജമാക്കേണ്ടത്. ഒരു ടേബിളിൽ 7 ബൂത്തുകൾ വീതം ഒരു കൗണ്ടിംഗ് ഹാളിൽ പരമാവധി 5 ടേബിളുകൾ സജ്ജമാക്കണം.

എ.സന്തോഷ്

സെക്രട്ടറി